# കണ്ണൂർ ജില്ലാ പഞ്ചായത്ത്
# ഡയറ്റ് കണ്ണൂർ
# എസ് എസ് എൽ സി മുകുളം മാതൃകാ പരീക്ഷ -2018
# സാമൂഹ്യശാസ്ത്രം

**Time: 2 ½ Hrs** **Total Score : 80**

---

**നിർദ്ദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശരിയായി വായിച്ചതിന് ശേഷം മാത്രം ഉത്തരം എഴുതുക
- ഉത്തരമെഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം.
- പാർട്ട് എ യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.പാർട്ട് ബി യിലെ ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

---

## പാർട്ട് -എ

1. ഏത് പൗരാവകാശ നിഷേധ നിയമത്തിന് എതിരെ നടന്ന പ്രക്ഷോഭമാണ് ജാലിയൻവാലാബാഗ് കൂട്ടക്കൊലക്ക് കാരണമായത്? (1)
2. സമൂഹശാസ്ത്രത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നതാര്? (1)
3. ഗ്രാമീണ കാർഷിക വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേന്ദ്രബാങ്ക് ഏത്? (1)
4. പശ്ചിമഘട്ടത്തിന്റെ കിഴക്കൻചെരിവിൽ മഴയുടെ ലഭ്യത താരതമ്യേന കുറവാണ്. കാരണമെന്ത്? (2)
5. സമൂഹശാസ്ത്രപഠനത്തിന് ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ ഏതെല്ലാം? (2)
6. ഉപഭോക്താവിന് പരാതിപ്പെടാവുന്ന ഏതെങ്കിലും രണ്ട് സന്ദർഭങ്ങൾ എഴുതുക (2)
7. ജില്ലാ ഉപഭോക്തൃ ഫോറത്തിന്റെ ഘടനയും അധികാരപരിധിയും വിശദമാക്കുക (2)
8. ഇന്ത്യൻ സമ്പദ്ഘടനയിൽ ഉത്തരമഹാസമതലത്തിന്റെ പ്രധാന്യം വ്യക്തമാക്കുക (3)
9. എ കോളത്തിനനുസരിച്ച് ബി,സി കോളങ്ങൾ ക്രമപ്പെടുത്തുക (3)

| എ | ബി | സി |
|---|---|---|
| നെല്ല് | കുറഞ്ഞ വാർഷിക വർഷ പാതം | നീർവാർച്ചയുള്ള എക്കൽമണ്ണ് |
| ഗോതമ്പ് | 150 സെ.മീ കൂടതൽ മഴ | കറുത്ത മണ്ണ് |
| പരുത്തി | 75 സെ.മീ മഴ | എക്കൽ മണ്ണ് |

10. സഹകരണബാങ്കിന്റെ പ്രധാനലക്ഷ്യങ്ങൾ ഏവ? (3)
11. 1857ൽ ബ്രിട്ടീഷ് ഇന്ത്യൻ പട്ടാളക്കാരെ കലാപത്തിലേക്ക് നയിച്ച കാരണങ്ങൾ എഴുതുക. (4)

12. പദസൂര്യൻ പൂർത്തിയാക്കുക. (4)




13. ഗാന്ധിയൻ സമരരീതി ദേശീയ പ്രസ്ഥാനത്തിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം(4)

14. പട്ടിക പൂർത്തീകരിക്കുക

സൂചന: – ബ്രീട്ടിഷ് ആധിപത്യകാലത്ത് കേരളത്തിൽ ആരംഭിച്ച
പരമ്പരാഗത വ്യവസായങ്ങൾ /പ്രധാനപ്പെട്ട സ്ഥലങ്ങൾ

| | |
|---|---|
| കയർ വ്യവസായം | (a) |
| (b) | കൊല്ലം |
| കൈത്തറി | (c) |
| (d) | തൃശ്ശൂർ |

15.നൽകിയിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്നവ അടയാളപ്പെടുത്തുക (4)

1. രാജസ്ഥാനിലെ ഥാർ മരുഭൂമിയുടെ രൂപീകരണത്തിനിടയാക്കിയ പർവ്വതനിര
2. മഹാനദി
3. തൂത്തുക്കുടി
4. അഹമ്മദാബാദ്

## പാർട്ട് ബി

16. മാനവവിഭവത്തിന്റെ ഗണപരവും ഗുണപരവുമായ ഓരോ സവിശേഷതകൾ എഴുതുക.(2)

**അല്ലെങ്കിൽ**

ധനനയം എന്തെന്ന് വ്യക്തമാക്കുക

17. വർധാ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം? (2)

**അല്ലെങ്കിൽ**

സ്വാതന്ത്ര്യാനന്തര ഇന്ത്യ അഭിമുഖീകരിച്ച പ്രധാന വെല്ലുവിളികൾ എന്തെല്ലാം?

18. പദസൂര്യൻ പൂർത്തീകരിക്കുക. (2)




**അല്ലെങ്കിൽ**

താഴെ തന്നിരിക്കുന്ന നികുതികളിൽ സംസ്ഥാന ഗവൺമെന്റ് ചുമത്തുന്ന നികുതികളേയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ചുമത്തുന്ന നികുതികളേയും തരംതിരിക്കുക.

വിനോദനികുതി, സ്റ്റാമ്പ് ഡ്യൂട്ടി , ഭൂനികുതി, തൊഴിൽ നികുതി,

19. ലോകത്തെവിടെയുമുള്ള സമയം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് ഏത് രേഖയെ അടിസ്ഥാന മാക്കിയാണ്? ഈ രേഖയുടെ മറ്റ് സവിശേഷതകൾ എന്തൊക്കെ? (3)

**അല്ലെങ്കിൽ**

അന്തരീക്ഷ മർദ്ദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ?

20. ലോക്പാൽ,ലോകായുക്ത എന്നിവയുടെ പ്രവർത്തനങ്ങൾ താരതമ്യം ചെയ്യുക (4)

**അല്ലെങ്കിൽ**

പൗരബോധത്തിന്റെ രൂപീകരണത്തിന് സൗമൂഹ്യശാസ്ത്രപഠനം എങ്ങനെ സഹായിക്കുന്നു?

21. സേവനാവാകാശനിയമം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതെങ്ങനെ? (4)

**അല്ലെങ്കിൽ**

പൗരബോധം വളർത്തിയെടുക്കുന്നതിൽ മാധ്യമങ്ങളും ജനാധിപത്യവ്യവസ്ഥയും വഹിക്കുന്ന പങ്ക് വിശദമാക്കുക

22. ചുവടെ കൊടുത്തിട്ടുളള ചിഹ്നങ്ങൾ സൂചിപ്പിക്കുന്ന ഭൂസവിശേഷതകൾ കണ്ടെത്തുക. (4)

1. +
2. 
3. 
4.  200

**അല്ലെങ്കിൽ**

ചുവടെ തന്നിരിക്കുന്നവ കൃത്രിമ ഉപഗ്രഹങ്ങളുടെ സവിശേഷകളാണ് ഇവയെ ഭൂസ്ഥിര, സൗരസ്ഥിര ഉപഗ്രഹങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുക.

a. ഭൂമിയുടെ മൂന്നിലൊരു ഭാഗം നിരീക്ഷണപരിധിയിൽ വരുന്നു
b. ആവർത്തിച്ചുളള വിവരങ്ങൾ ലഭിക്കുന്നു
c. ഐ.ആർ.എസ് ഉപഗ്രഹങ്ങൾ
d. ഭൂമിയുടെ ഭ്രമണ വേഗതയനുസരിച്ച് കറങ്ങുന്നു

23. ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് പത്രങ്ങൾ വഹിച്ച പങ്ക് വിശദമാക്കുക. (4)

**അല്ലെങ്കിൽ**

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്തുക.

24. പ്രത്യക്ഷനികുതി, പരോക്ഷനികുതി ഇവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? (4)

**അല്ലെങ്കിൽ**

ജനസംഖ്യയും ജനസാന്ദ്രതയും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

25. തന്നിട്ടുള്ള ചിത്രം ഋതുക്കളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ചിത്രം നിരീക്ഷിച്ച് "B,C,D" എന്നിവ ഏത് ഋതുക്കളാണെന്ന് കണ്ടെത്തി "C" ഋതുവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്ത സൂചകങ്ങൾക്ക് ഉത്തരമെഴുതുക.




- സൂര്യന്റെ സ്ഥാനം
- പകലിന്റെ ദൈർഘ്യം
- സൂര്യപ്രകാശത്തിന്റെ ലഭ്യത

**അല്ലെങ്കിൽ**

ആഗോളമർദ്ദ മേഖലകളെക്കുറിച്ച് വിശദമാക്കുക.

26. ഫ്രാൻസിലെ മൂന്നാം എസ്റ്റേറ്റ് നേരിടേണ്ടി വന്ന അസമത്വങ്ങളും ചൂഷണങ്ങളുമാണ് ഫ്രെഞ്ച് വിപ്ലവത്തിന് കാരണമായത്. ഫ്രെഞ്ച് വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്താവന വിലയിരുത്തുക. (6)

**അല്ലെങ്കിൽ**

"രണ്ടാം ലോകയുദ്ധം ബാക്കിവച്ചത് ദൂരവ്യാപകഫലങ്ങളാണ് വിശദമാക്കുക.